# കേരളസർക്കാർ
## പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം
### ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,
### ശാന്തി നഗർ, തിരുവനന്തപുരം- 695001

## <u>വിജ്ഞാപനം</u>
## <u>കീം 2022</u>
### <u>2022 – ലെ ആർക്കിടെക്ചർ റാങ്കിന് പരിഗണിക്കുന്ന യോഗ്യതാപരീക്ഷയുടെ മാർക്കും/NATA സ്കോറും പരിശോധിക്കുന്നതിനും അപാകത പരിഹരിക്കുന്നതിനും അവസരം</u>

2022 – ലെ ആർക്കിടെക്ചർ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനായി വിദ്യാർത്ഥികൾ ഓൺലൈനായി സമർപ്പിച്ച യോഗ്യതാ പരീക്ഷയുടെ മാർക്കും NATA സ്കോറും സൂക്ഷ്മപരിശോധനയ്ക്കുശേഷം വിദ്യാർത്ഥികൾക്ക് പരിശോധനയ്ക്കായി www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. കൗൺസിൽ ഓഫ് ആർക്കിടെക്ചർ നടത്തിയ മൂന്നാം ഘട്ട NATA എഴുതി യോഗ്യത നേടിയവർക്കും സ്കോറുകൾ മെച്ചപ്പെടുത്തിയവർക്കും ഈ അവസരത്തിൽ സ്കോർ കാർഡുകൾ സമർപ്പിക്കാവുന്നതാണ്.

മേൽപ്പറഞ്ഞ വെബ്സൈറ്റിലെ **'KEAM 2022-Candidate Portal'**എന്ന ലിങ്കിലൂടെ **2022 ആഗസ്റ്റ് 31, വൈകുന്നേരം 5.00** മണി വരെ വിദ്യാർത്ഥികൾക്ക് മാർക്ക് /NATA സ്കോർ വിവരങ്ങൾ പരിശോധിക്കാവുന്നതാണ്. വെബ്സൈറ്റിൽ നൽകിയിട്ടുള്ള **'KEAM 2022-Candidate Portal'**എന്ന ലിങ്കിലൂടെ അപേക്ഷാർത്ഥികൾ അവരുടെ അപേക്ഷാ നമ്പർ , പാസ്‌വേഡ് എന്നിവ നൽകി ഹോം പേജിൽ പ്രവേശിച്ച ശേഷം **'Mark Verification for Architecture Rank'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് <u>യോഗ്യതാ പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും കൂടി ലഭിച്ച മാർക്ക്, ആകെയുള്ള പരമാവധി മാർക്ക് എന്നിവ വെബ്പേജിൽ കാണിച്ചിട്ടുള്ള പ്രകാരം ശരിയാണോയെന്ന് പരിശോധിക്കേണ്ടതാണ്</u>.

- വെബ്പേജിൽ കാണിച്ചിട്ടുള്ള യോഗ്യതാപരീക്ഷയുടെ മാർക്ക്, NATA സ്കോർ വിവരങ്ങൾ ശരിയാണെങ്കിൽ ഓരോന്നിനും നേരെയുള്ള **'No Change'** ബട്ടൺ ക്ലിക്ക് ചെയ്ത ശേഷം **'Verified and Found correct'** എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് വിവരങ്ങൾ ശരിയാണെന്ന് ഉറപ്പിക്കാവുന്നതാണ്.
- വെബ്സൈറ്റിൽ കാണിച്ചിട്ടുള്ള മാർക്ക് NATA സ്കോർ വിവരങ്ങൾ സംബന്ധിച്ച് തിരുത്തലുകൾ ആവശ്യമുള്ള പക്ഷം തിരുത്തേണ്ട വിവരത്തിനു /വിവരങ്ങൾക്ക് നേരെയുള്ള **'Change Required'** ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതും തുടർന്ന് **'Verified and found Mismatch'** എന്ന ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതുമാണ് . അതിനു ശേഷം ഇവർ തിരുത്തലുകളെ സാധൂകരിക്കുന്ന മാർക്ക് ലിസ്റ്റിന്റെ pdf ഫയൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. വെബ്സൈറ്റിലെ മാർക്ക് സംബന്ധിച്ച വിവരങ്ങളിൽ തിരുത്തലുകൾ ആവശ്യമുള്ളവർ ആയത് മേൽപ്പറഞ്ഞ രീതിയിൽ വെബ്സൈറ്റിലെ നിശ്ചിത

സമയത്തിനുള്ളിൽ ചെയ്തിരിക്കേണ്ടതാണ്. തിരുത്തലുകൾ ആവശ്യപ്പെട്ടുകൊണ്ട് തപാലിലോ, നേരിട്ടോ, ഇമെയിൽ/ഫാക്സ് മുഖേനയോ ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

- ഇംപ്രൂവ്മെന്റ് പരീക്ഷയിലൂടെ യോഗ്യത പരീക്ഷയുടെ മാർക്ക് മെച്ചപ്പെടുത്തിയവർക്കും ഈ അവസരത്തിൽ മേൽ പറഞ്ഞ രീതിയിൽ മാർക്ക് ലിസ്റ്റ് അപ്‌ലോഡ് ചെയ്യാവുന്നതാണ്. എന്നാൽ ഇവർ നേരത്തെ ലഭിച്ചിട്ടുള്ള പ്ലസ് വൺ, പ്ലസ് ടു മാർക്ക് ലിസ്റ്റുകൾ ഇംപ്രൂവ്മെന്റ് മാർക്ക് ലിസ്റ്റിനോടൊപ്പം ഒറ്റ പി.ഡി.എഫ് ഫയൽ ആയി അപ് ലോഡ് ചെയ്യേണ്ടതാണ്.
- നിലവിൽ NATA സ്കോർ സമർപ്പിക്കുകയും എന്നാൽ മൂന്നാം ഘട്ട NATA യുടെ valid score –ൽ മാറ്റം സംഭവിക്കുകയും ചെയ്തിട്ടുള്ളവർ അതിനെ സാധൂകരിക്കുന്ന സ്കോർ കാർഡ് **'NATA score'** –ന് നേരെ നൽകിയിട്ടുള്ള **Change Required'** ബട്ടൺ ക്ലിക്ക് ചെയ്ത് അപ് ലോഡ് ചെയ്യേണ്ടതാണ്.
- അപ്‌ലോഡ് ചെയ്ത മാർക്ക് ലിസ്റ്റുകളിൽ അപാകതകൾ ഉണ്ടായിരുന്നവർക്ക് അവരുടെ മാർക്കുകൾ പരിശോധനാവേളയിൽ ദൃശ്യമാകുന്നതല്ല . അത്തരക്കാർ ആവശ്യമായ മാർക്ക് ലിസ്റ്റുകൾ/അപാകത ഇല്ലാത്ത വ്യക്തമായ മാർക്ക് ലിസ്റ്റുകൾ വെബ്പേജിലൂടെ നിശ്ചിത സമയത്തിനകം അപ്‌ലോഡ് ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം ഇത്തരം വിദ്യാർത്ഥികളുടെ നിലവിൽ ലഭ്യമായ മാർക്കുകൾ അതേപടി റാങ്കിനായി പരിഗണിച്ച് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. എന്നാൽ ഇത്തരം വിദ്യാർത്ഥികളുടെ റാങ്ക് തടഞ്ഞുവയ്ക്കുന്നതാണ്.
- **31.08.2022, വൈകുന്നേരം 5.00 മണിക്കുള്ളിൽ** ലഭിക്കുന്ന മാർക്ക് വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2022 ലെ ആർക്കിടെക്ചർ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. മാർക്ക് വിവരങ്ങൾ ഓൺലൈനായി പരിശോധിച്ച് ഉറപ്പ് വരുത്താത്ത വിദ്യാർത്ഥികളുടെയും , തിരുത്തലുകൾ ആവശ്യമുള്ള പക്ഷം അവ വരുത്താത്തവരുടെയും നിലവിൽ സമർപ്പിച്ചിട്ടുള്ള മാർക്കുകൾ അതേപടി റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനായി പരിഗണിക്കുന്നതാണ്.

**<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>**

റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലേയ്ക്കായി പരിഗണിക്കപ്പെട്ട മാർക്കുകൾ, NATA സ്കോർ എന്നിവ പ്രവേശന സമയത്ത് കോളേജ് അധികാരികൾ പരിശോധിക്കുന്നതും ഈ വിവരങ്ങളിൽ എന്തെങ്കിലും വ്യത്യാസം കാണുന്ന പക്ഷം അത്തരം വിദ്യാർത്ഥികൾ പ്രവേശനത്തിന് അയോഗ്യരാകുന്നതുമാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471 2525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.08.28 16:24:45 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**28/08/2022**